### ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പത്രപ്രതിനിധികൾക്ക് സർക്കാർ ഐഡന്റിറ്റി കാർഡ്

118 (2501) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളഭാഷയിൽ പ്രസിദ്ധീകരിക്കുന്നതും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ വന്നിട്ടുള്ളതുമായ ദ്വൈമാസികകൾ ഉൾപ്പെടെയുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പത്ര പ്രതിനിധികൾക്ക് സർക്കാർ ഐഡന്റിറ്റി കാർഡ് നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പത്രപ്രതിനിധികൾക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളിന്മേൽ പി. ആർ. ഡി. കഴിഞ്ഞ ആറ് കൊല്ലങ്ങൾക്കിടയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചീഫ് എഡിറ്റർ/മാനേജിംഗ് എഡിറ്റർ/എഡിറ്റർ/എക്സിക്യൂട്ടീവ് എഡിറ്റർ/എഡിറ്റർ ഇൻ ചീഫ് തുടങ്ങിയവരിൽ ഒരാൾക്ക് ഐഡന്റിറ്റി കാർഡ് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഐഡന്റിറ്റി കാർഡ് നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. കാർഡ് അച്ചടിച്ചു ലഭിക്കുന്ന മുറയ്ക്ക് കാർഡ് നൽകുന്നതാണ്.

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം

119 (2502) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെട്ടതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സർക്കാരിന്റെ വികസന വാർത്തകൾ ശേഖരിച്ച് ബഹുജന മാധ്യമങ്ങൾക്ക് യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന കാര്യങ്ങൾ സമയബന്ധിതമായി വകുപ്പിൽ നടപ്പിലാക്കുന്നതാണ്. ഭരണ സംവിധാനത്തിന്റെ വിവിധ തട്ടുകളിലുള്ള ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുക ളേയും മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകളേയും ബന്ധിപ്പിച്ചുകൊണ്ടും വിവരസാങ്കേതികവിദ്യയുടേയും ദൃശ്യമാധ്യമ സംവിധാനങ്ങളുടേയും അനുപമ സാധ്യതകൾ സമന്വയിപ്പിച്ചുകൊണ്ടും പ്രവർത്തിക്കുന്ന ഒരു "സംയോജിത വികസന വാർത്താ ശൃംഖല" അടിയന്തരമായി നടപ്പിലാക്കി പ്രാദേശികതലങ്ങ ളിലും അതിനുമുകളിലും നടക്കുന്ന പൊതുജനശ്രദ്ധ അർഹിക്കുന്ന എല്ലാ വികസന വാർത്തകളും യഥാസമയം പൊതുജനങ്ങളിലെത്തിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതാണ്. ബഹു. മുഖ്യമന്ത്രിയുടെ നിലവിലുള്ള പരാതി പരിഹാര സെല്ലിന്റെ ജില്ലാതലത്തിലുള്ള മോണിറ്ററിംഗ് സംവിധാനത്തെ ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാതല മോണിറ്ററിംഗ് സമിതി പുനഃക്രമീകരി ക്കുന്നതിനോടൊപ്പം സമിതി കൺവീനർമാരായ ജില്ലാ ഇൻഫർമേഷൻ ഓഫീ സർമാരുടെ ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ബഹു. മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്ന സുതാര്യ കേരളം വീഡിയോ കോൺഫറൻസ് പരിപാടി ക്രിയാത്മകമായി പരിഷ്ക്കരിക്കുന്നതിനും കൂടുതൽ തലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സർക്കാ രിന്റെ പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങൾ പ്രാദേശിക തലം മുതൽ സമാഹരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഭരണസംവിധാനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന തിനുമായി വിവര സാങ്കേതിക വിദ്യയുടേയും ദൃശ്യമാധ്യമ സംവിധാനങ്ങളു ടേയും സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു IT Enabled Feedback System സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദേശീയ തലത്തിലെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡൽഹി മലയാളികളുടെ സാംസ്ക്കാരിക കൂട്ടായ്മയും സഹകരണവും ഊട്ടിയുറപ്പിക്കുന്നതിലേക്കായി കേരള കൾച്ചറൽ മിഷന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

**പബ്ലിക് റിലേഷൻസ് വകുപ്പ് പരസ്യങ്ങൾക്കുവേണ്ടി ചെലവഴിച്ച തുക**

120 (2503) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് പബ്ലിക് റിലേഷൻസ് വകുപ്പ് വിവിധ വകുപ്പുകൾക്കുവേണ്ടി എന്തു തുകയുടെ പരസ്യം നൽകി ; അതിൽ എന്തു തുകയുടെ ബില്ലുകൾ സെറ്റിൽ ചെയ്തു ; ഇനി എന്തു തുകയുടെ ബില്ലുകൾ സെറ്റിൽ ചെയ്യാനുണ്ട് ; ഓരോ വകുപ്പിനും എത്ര രൂപ വീതം അനുവദിച്ചു എന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly